(ബി) നിലവിൽ 8 ശതമാനം പലിശ നിരക്കിലാണ് വനിതാ വികസന കോർപ്പറേഷൻ ഷീ-ടാക്സിക്ക് വായ്പ ലഭ്യമാക്കുന്നത്.

(സി) ഇതിന്റെ സംരംഭകർക്ക് വായ്പ തിരിച്ചടവിൽ നിലവിൽ സബ്സിഡി നൽകുന്നില്ല.

(ഡി) പ്രസ്തുത പദ്ധതി ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1955 പ്രകാരം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയായ ജെന്റർ പാർക്കിന്റെ നിയന്ത്രണത്തിലാണ്.

വയോമിത്രം പദ്ധതി

291 (1669) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കുന്നവയോ മിത്രം പദ്ധതി എല്ലാ നഗരസഭകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കുന്നതാണ് എന്ന 2012-13 ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയോ എന്നറിയിക്കാമോ;

(ബി) ആകെയുള്ള നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും എത്രയിടത്താണ് ഈ പദ്ധതി വ്യാപിപ്പിക്കാൻ കഴിഞ്ഞത് എന്നറിയിക്കാമോ;

(സി) അവ ഏതെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരസഭ പ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്ന പദ്ധതിയാണ് വയോമിത്രം. ബന്ധപ്പെട്ട മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടെയും പൂർണ്ണ സഹകരണത്തോടെ നടത്തുന്ന പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി 6 കോർപ്പറേഷനുകളിലും 29 മുനിസിപ്പാലിറ്റികളിലും നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടത്തിവരുന്ന നഗരസഭ/കോർപ്പറേഷനുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	പ്രോജക്ട്
1	തിരുവനന്തപുരം	തിരുവനന്തപുരം കോർപ്പറേഷൻ, നെയ്യാറ്റിൻകര
2	കൊല്ലം	കൊല്ലം കോർപ്പറേഷൻ, കരുനാഗപ്പള്ളി
3	ആലപ്പുഴ	ആലപ്പുഴ, ചേർത്തല
4	പത്തനംതിട്ട	പത്തനംതിട്ട, അടൂർ
5	കോട്ടയം	കോട്ടയം, പാലാ, വൈക്കം
6	ഇടുക്കി	തൊടുപുഴ
7	എറണാകുളം	കൊച്ചി കോർപ്പറേഷൻ, മരട്, പെരുമ്പാവൂർ, കോതമംഗലം, അങ്കമാലി
8	തൃശ്ശൂർ	തൃശ്ശൂർ കോർപ്പറേഷൻ, ചാലക്കുടി, ചാവക്കാട്
9	പാലക്കാട്	പാലക്കാട്, ഷൊർണ്ണൂർ, ചിറ്റൂർ
10	മലപ്പുറം	മലപ്പുറം, കോട്ടയ്ക്കൽ, നിലമ്പൂർ, മഞ്ചേരി, തിരൂർ
11	കോഴിക്കോട്	കോഴിക്കോട് കോർപ്പറേഷൻ, വടകര, കൊയിലാണ്ടി
12	വയനാട്	കൽപ്പറ്റ
13	കണ്ണൂർ	കണ്ണൂർ കോർപ്പറേഷൻ, മട്ടന്നൂർ
14	കാസർഗോഡ്	കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly